Draft #2 of File 62252/EA 2-1/2022/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 30-Apr-2022 02:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല പരീക്ഷാ സംവിധാനം കൂടുതൽ സുതാര്യവും വിദ്യാർത്ഥി സൗഹൃദവുമാക്കുന്നതിന്റെ ഭാഗമായി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷകളിൽ പരിഷ്‌കാരം വരുത്തുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4580/EA 2/2022/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 30.04.2022

---

*പരാമർശം:*-08.04.2022 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ :ഒ .എ 38 /22.03.

**<u>ഉത്തരവ്</u>**

സർവ്വകലാശാല പരീക്ഷാ സംവിധാനം കൂടുതൽ സുതാര്യവും വിദ്യാർത്ഥി സൗഹൃദവുമാക്കുന്നതിന്റെ ഭാഗമായി ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷകളിൽ താഴെ പറയുന്ന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ മേൽ പരാമർശ പ്രകാരം സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു .

1. മൂല്യ നിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസുകളുടെ ഡിജിറ്റൽ പകർപ്പ് ഫല പ്രഖ്യാപനം നടത്തി 15 ദിവസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് ഇ മെയിലായി നൽകാവുന്നതാണ് . ഇതിനായി ഒരു ഉത്തരക്കടലാസിന് 250/- രൂപ എന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചു .

2. ഉത്തരക്കടലാസുകളുടെ ഡിജിറ്റൽ പകർപ്പ് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട ചോദ്യപേപ്പറിന്റെ സ്കീം ഫലപ്രഖ്യാപനത്തോടൊപ്പം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു

3. ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ഉത്തരക്കടലാസിന്റെ ഡിജിറ്റൽ പകർപ്പിനായി അപേക്ഷിച്ചവർക്ക് മാത്രമേ പുനർമൂല്യനിർണയത്തിന് അപേക്ഷിക്കുന്നതിന് സാധിക്കുകയുള്ളു . പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

4. മേൽപ്പറഞ്ഞ നിർദേശങ്ങളെല്ലാം തന്നെ നടപ്പിലാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും സാങ്കേതിക കാര്യക്ഷമതയും 3 മാസത്തിനുള്ളിൽ ഉറപ്പു വരുത്തിയതിനുശേഷം പ്രസ്തുത പരിഷ്ക്കാരം നടപ്പിലാക്കുന്നതിനു തീരുമാനിച്ചു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3. എല്ലാ ജെ. ആർ / ഡി.ആർ / എ .ആർ (പരീക്ഷ)
4 .സി.ഇ സെക്ഷൻ/എ സി സി I/ ഇ.ജെ സെക്ഷനുകൾ /CETEX/ IT സെൽ
5. എക്സാം ഓഡിറ്റ്/ ക്യാഷ് സെക്ഷനുകൾ
6. ഐ ക്യൂ എ സി /കണ്ടന്റ് മാനേജ്മെന്റ്/ഇ ബി സെക്ഷനുകൾ
7.ഐ .റ്റി സെൽ ഡയറക്ടർ ( തുടർനടപടികൾക്കായി )
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 62252/EA 2-1/2022/EA 2

Draft #2 of File 62252/EA 2-1/2022/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 30-Apr-2022 02:07 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം